"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് -"Jal Jeevan Mission (JJM)- Railway Push through works at Harippad and adjoining Panchayath- Pipeline Work" എന്ന ജൽ ജീവൻ മിഷൻ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.32/2025/WRD തീയതി,തിരുവനന്തപുരം, 03-05-2025

---

പരാമർശം:-
1. സ.ഉ (പി) നം. 375/2015/ധന തീയതി 24.08.2015
2. സ.ഉ (പി) നം. 16/2017/ധന തീയതി 06.02.2017
3. സ.ഉ (സാധ) നം. 401/2022/ജ.വി.വ തീയതി 13.05.2022
4. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 11/08/2024 തീയതിയിലെ No.KWA-JB/5857/2024-AEE6 നമ്പർ കത്ത്.

**ഉത്തരവ്**

"CWSS to Harippad and Adjoining Panchayaths Phase- 2" എന്ന പദ്ധതിയ്ക്ക് പരാമർശം (3) പ്രകാരം 56843.49 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. "Jal Jeevan Mission (JJM)- Railway Push through works at Harippad and adjoining Panchayath- Pipeline Work" എന്ന പ്രവൃത്തിയ്ക്ക് 16.11.2023- ൽ കേരള വാട്ടർ അതോറിറ്റി 400.03 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയ്ക്ക് 26.12.2023 തീയതിയിൽ ക്ഷണിച്ച ദർഘാസിൽ ആരും പങ്കെടുക്കാത്തതിനാൽ ആയത് റദ്ദാക്കുകയുണ്ടായി. തുടർന്നുള്ള 4 പുന:ദർഘാസുകളും പങ്കാളിത്തത്തിന്റെ അഭാവത്താൽ റദ്ദാക്കുകയാണുണ്ടായത്. 2,71,20,897/- രൂപ Tendered PAC ആയി ക്ഷണിച്ച 5-ാം പുന:ദർഘാസിൽ ശ്രീ. സമീർ അലി സി.ടി, ചക്കിങ്കൽതൊടി വീട്, കാരത്തോട് ഊരകം മേൽമുറി പി.ഒ, മലപ്പുറം- 676519 എന്ന കരാറുകാരനിൽ നിന്നും ഒരു ഓഫർ ലഭിച്ചു.

2) പ്രസ്തുത കരാറുകാരൻ ക്വാട്ട് ചെയ്ത 3,42,57,851.86/- രൂപ ദർഘാസ് തുകയായ 2,71,20,897/- രൂപയേക്കാൾ 26.32% കൂടുതലായിരുന്നു എന്നും, കരാറുകാരനുമായി negotiation നടത്തിയതിനെ തുടർന്ന് കരാറുകാരനിൽ നിന്നും ലഭിച്ച negotiated amount, Tendered PAC-യേക്കാൾ 18.73% അധികരിച്ച 3,21,99,941/- രൂപയാണെന്നും പരാമർശം (4) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ടു ചെയ്യുകയുണ്ടായി.

3) പരാമർശം (2) - ലെ സർക്കാർ ഉത്തരവ് പ്രകാരം DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക, ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. ഇതിൽ കുറഞ്ഞ തുകയും പ്രാദേശിക വിപണി നിരക്കുമായ 2,91,82,088.25/- രൂപയ്ക്കു മാത്രമേ പ്രസ്തുത ദർഘാസ് അനുവദിക്കാനാകുകയുള്ളൂ.

4) ഹരിപ്പാടും 13 പഞ്ചായത്തുകളിലേക്കും ശുദ്ധീകരിച്ച വെള്ളം എത്തിക്കുക എന്നതാണ് "JJM-CWSS Harippad and adjoining panchayats" എന്ന പദ്ധതിയുടെ ലക്ഷ്യമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പള്ളിപ്പാട്ടുള്ള 50MLD വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നുള്ള ശുദ്ധീകരിച്ച വെള്ളം ഓരോ പഞ്ചായത്തിലെയും നിർദ്ദിഷ്ട OHSR കളിലേക്ക് എത്തിക്കും, കൂടാതെ ഓരോ OHSR ൽ നിന്നും ഓരോ പഞ്ചായത്തിന്റെയും വിതരണ ശൃംഖലയിലേക്ക് വെള്ളം എത്തിക്കും. മാന്നാർ മുല്ലശ്ശേരിക്കടവിലെ Raw water intake ഉം, പള്ളിപ്പാട് 50 എം.എൽ.ഡി ജലശുദ്ധീകരണ പ്ലാന്റും പൂർത്തിയായി. ശുദ്ധജല പമ്പിംഗ് മെയിൻ, ഓവർഹെഡ് സർവീസ് റിസർവോയറുകൾ (OHSR) എന്നിവ ടെൻഡർ ഘട്ടത്തിലാണ്. വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെയും പഞ്ചായത്തുകളുടെ FHTC-കൾ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നിർദ്ദിഷ്ട റെയിൽവേ പുഷ്-ത്രൂ ജോലികളിൽ, OHSR-ൽ നിന്നുള്ള പ്രധാന ട്രാൻസ്മിഷൻ ലൈനുകൾ 4 വ്യത്യസ്ത സ്ഥലങ്ങളിൽ റെയിൽവേ ട്രാക്കിനടിയിലൂടെ സ്ഥാപിക്കേണ്ടതുണ്ട് (പതിയൂർ തെക്ക്, പതിയൂർ വടക്ക്, ചേപ്പാട് പഞ്ചായത്ത്, ചെറുതന പഞ്ചായത്ത്). നിർദ്ദിഷ്ട ജോലികൾ നടപ്പിലാക്കുന്നതിനായി റെയിൽവേയുമായി കരാർ ഉണ്ടാക്കിയിട്ടുണ്ട്. ഈ റെയിൽവേ പുഷ്-ത്രൂ പ്രവൃത്തി അനിവാര്യമാണെന്നും, ആയത് നിർവഹിക്കാതെ ഓരോ പഞ്ചായത്തിലെയും നിർദ്ദിഷ്ട OHSR-കൾ ഫലപ്രദമായി കമ്മീഷൻ ചെയ്യാൻ കഴിയില്ലായെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഏകദേശം 13 പഞ്ചായത്തുകൾക്ക് കുടിവെള്ളം നൽകേണ്ട പദ്ധതിയുടെ ഭാഗമാണ് ഈ റെയിൽവേ പുഷ് ത്രൂ വർക്ക്. ആയതിന് ആറു പ്രാവശ്യം ടെണ്ടർ കഴിഞ്ഞതുമാണ്. റെയിൽവേയുമായി ഇതിനകം തന്നെ എഗ്രിമെൻറ് ഒപ്പിട്ടുകഴിഞ്ഞതിനാൽ സമയബന്ധിതമായി ഈ പ്രവൃത്തി പൂർത്തിയാക്കേണ്ടതുണ്ട്.

6) പ്രസ്തുത സാഹചര്യത്തിൽ "Jal Jeevan Mission (JJM)- Railway Push through works at Harippad and adjoining Panchayath- Pipeline Work" എന്ന പ്രവൃത്തിയ്ക്ക് "ശ്രീ. സമീർ അലി സി.ടി, ചക്കിങ്കൽതൊടി വീട്, കാരത്തോട് ഊരകം മേൽമുറി പി.ഒ, മലപ്പുറം- 676519" എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ഏക ദർഘാസ് Tendered PAC യേക്കാൾ 18.73% അധികരിച്ച തുകയായ 3,21,99,941/- രൂപയ്ക്ക് (മൂന്ന് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റിയൊമ്പതിനായിരത്തി തൊള്ളായിരത്തി നാല്പത്തിയൊന്ന് രൂപ മാത്രം) അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം
3. പൊതുഭരണ (എസ്.സി) വകുപ്പ് ( -ലെ ഇനം. 2915 പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം. പി.യു- സി1/202/2024-ധന)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി

6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 05-05-2025 10:54:09

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-04-2025

ഫയൽ നം. ഡബ്ല്യു.എസ്.-ബി1/176/2024/ജ.വി.വ. ഇനം നം: 2915

വിഷയം : ജലവിഭവ വകുപ്പ് - "Jal Jeevan Mission (JJM) - Railway Push through works at Harippad and adjoining Panchayath - Pipeline Work" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC-യേക്കാൾ 18.73% അധികരിച്ച 3,21,99,941/- രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

3 0 APR
6.35PM

2/5/25
S.S

2915

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യു. എസ്- ബി1/176/2024-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | "Jal Jeevan Mission (JJM)- Railway Push through works at Harippad and adjoining Panchayath- Pipeline Work" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 18.73% അധികരിച്ച 3,21,99,941/- രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 11/04/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ. ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25/04/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26/04/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 29/04/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 29/04/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

"Jal Jeevan Mission (JJM)- Railway Push through works at Harippad and adjoining Panchayath- Pipeline Work" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 18.73% അധികരിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. "CWSS to Harippad and Adjoining Panchayaths Phase- 2" എന്ന പദ്ധതിയ്ക്ക് 13.05.2022 തീയതിയിലെ സ.ഉ (സാധ) നം. 401/2022/ജ.വി.വ പ്രകാരം 56843.49 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് കേരള വാട്ടർ അതോറിറ്റി 400.03 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി 16.11.2023- ൽ നൽകുകയുണ്ടായി.

3. പ്രസ്തുത പ്രവൃത്തിയ്ക്ക് 26.12.2023 തീയതിയിൽ ആലപ്പുഴ പി.എച്ച്. സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ ക്ഷണിച്ച ദർഘാസിൽ ആരും പങ്കെടുക്കാത്തതിനാൽ ആയത് റദ്ദാക്കുകയുണ്ടായി. തുടർന്നുള്ള 4 പുനഃദർഘാസുകളും പങ്കാളിത്തത്തിന്റെ അഭാവത്താൽ റദ്ദാക്കുകയാണുണ്ടായത്. 2,71,20,897/- രൂപ Tendered PAC ആയി ക്ഷണിച്ച 5-ാം പുനഃദർഘാസിൽ ശ്രീ. സമീർ അലി സി.ടി, ചക്കിങ്കൽതൊടി വീട്, കാരത്തോട് ഊരകം മേൽമുറി പി.ഒ, മലപ്പുറം- 676519 എന്ന കരാറുകാരനിൽ നിന്നും ഒരു ഓഫർ ലഭിച്ചു.

4. പ്രസ്തുത Single bid 18.05.2024 തീയതിയിൽ തുറന്നു. കരാറുകാരൻ ക്വാട്ട് ചെയ്ത തുക TPAC ആയ 2,71,20,897/- രൂപയേക്കാൾ 26.32% അധികരിച്ച 3,42,57,851.86/- രൂപയാണ്. ആലപ്പുഴ പി.എച്ച് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ കരാറുകാരനുമായി negotiation നടത്തുകയും, TPAC യേക്കാൾ 18.73% അധികരിച്ച 3,21,99,941/- രൂപയായി ക്വാട്ട് ചെയ്ത കുറയ്ക്കാൻ കരാറുകാരൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു.

താരതമ്യ വിശദാംശങ്ങൾ ഇപ്രകാരമാണ്:

Negotiated amount - Rs. 3,21,99,941/- (18.73% above TPAC)

TPAC based on LMR - Rs. 2,91,82,088.25/- (7.60% above TPAC)
(as per PRICE comparison)

Current SoR + 10% - Rs. 2,98,32,987/-
(from PRICE)

5. നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുകയും, പ്രാദേശിക വിപണി നിരക്കുമായ 2,91,82,088.25/- രൂപയ്ക്കു മാത്രമേ പ്രവൃത്തി അനുവദിക്കാനാകൂ. ടെൻഡർ കമ്മിറ്റി, ടെൻഡർ വിശദമായി വിലയിരുത്തുകയുണ്ടായി. താരതമ്യ സ്റ്റേറ്റ്മെന്റ് താഴെ ചേർക്കുന്നു:

| Negotiated Amount - Rs. 3,21,99,941/- | | |
|---|---|---|
| | Amount | Quoted Amount Percentage Above or Below |
| Tendered PAC | Rs. 2,71,20,897/- | **18.73% Above** |
| Current SoR +10% amount | Rs. 2,98,32,987/- | **7.93%Above** |
| Local Market Rate | Rs. 2,91,82,088.25/- | **10.34%Above** |

6. ഹരിപ്പാടും 13 പഞ്ചായത്തുകളിലേക്കും ശുദ്ധീകരിച്ച വെള്ളം എത്തിക്കുക എന്നതാണ് "JJM-CWSS Harippad and adjoining panchayats" എന്ന പദ്ധതിയുടെ ലക്ഷ്യമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പള്ളിപ്പാടുള്ള 50MLD വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നുള്ള ശുദ്ധീകരിച്ച വെള്ളം ഓരോ പഞ്ചായത്തിലെയും നിർദ്ദിഷ്ട OHSR കളിലേക്ക് എത്തിക്കും, കൂടാതെ ഓരോ OHSR ൽ നിന്നും ഓരോ പഞ്ചായത്തിന്റെയും വിതരണ ശൃംഖലയിലേക്ക് വെള്ളം എത്തിക്കും. മാന്നാർ മുല്ലശ്ശേരിക്കടവിലെ Raw water intake ഉം, പള്ളിപ്പാട് 50 എം.എൽ.ഡി

ജലശുദ്ധീകരണ പ്ലാന്റും പൂർത്തിയായി. ശുദ്ധജല പമ്പിംഗ് മെയിൻ, ഓവർഹെഡ് സർവീസ് റിസർവോയറുകൾ (OHSR) എന്നിവ ടെൻഡർ ഘട്ടത്തിലാണ്, വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെയും പഞ്ചായത്തുകളുടെ FHTC-കൾ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നിർദ്ദിഷ്ട റെയിൽവേ പുഷ്-ത്രൂ ജോലികളിൽ, OHSR-ൽ നിന്നുള്ള പ്രധാന ട്രാൻസ്മിഷൻ ലൈനുകൾ 4 വ്യത്യസ്ത സ്ഥലങ്ങളിൽ റെയിൽവേ ട്രാക്കിനടിയിലൂടെ സ്ഥാപിക്കേണ്ടതുണ്ട് (പതിയൂർ തെക്ക്, പതിയൂർ വടക്ക്, ചേപ്പാട് പഞ്ചായത്ത്, ചെറുതന പഞ്ചായത്ത്). നിർദ്ദിഷ്ട ജോലികൾ നടപ്പിലാക്കുന്നതിനായി റെയിൽവേയുമായി കരാർ ഉണ്ടാക്കിയിട്ടുണ്ട്. ഈ റെയിൽവേ പുഷ്-ത്രൂ പ്രവൃത്തി അനിവാര്യമാണെന്നും, ആയത് നിർവഹിക്കാതെ ഓരോ പഞ്ചായത്തിലെയും നിർദ്ദിഷ്ട OHSR-കൾ ഫലപ്രദമായി കമ്മീഷൻ ചെയ്യാൻ കഴിയില്ലായെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

7. മേൽ വസ്തുതകളുടെയും, പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിന്റെ പ്രാധാന്യവും കണക്കിലെടുത്ത്, സിംഗിൾ ബിഡ്ഡറായ "ശ്രീ. സമീർ അലി സി.ടി, ചക്കിങ്കൽതൊടി വീട്, കാരത്തോട് ഊരകം മേൽമുറി പി.ഒ, മലപ്പുറം- 676519" എന്ന കരാറുകാരന് അദ്ദേഹത്തിന്റെ negotiated quoted തുകയും, TPAC യേക്കാൾ 18.73% അധികരിച്ചതുമായ 3,21,99,941/- രൂപയ്ക്ക് പ്രസ്തുത ടെൻഡർ അനുവദിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തു.

8. 24.08.2015-ലെ സ. ഉ (പി) നം. 375/15/ധന പ്രകാരം ഉത്തരവ് പ്രകാരം അധിക തുകയ്ക്ക് ടെണ്ടറുകൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇപ്രകാരമാണ്:

*"Normally no tender excess above 10% of estimated PAC will be allowed. If the lowest tender received exceeds 10% of the estimated cost, all such works shall be re- tendered under normal circumstances. However, if the Heads of Departments feel that some works exceeding 10% of PAC are to be urgently executed in the exigency of public service, then all such works shall be sanctioned at Government level with*

*the concurrence of Finance Department. The Head of Department shall exercise due diligence in recommending each such proposal and should personally evaluate the circumstances that warrants such special considerations and submit a detailed justification for the acceptance of each such proposals"*

9. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ പറയുന്നു:

"In case AD /KWA feel that there will be no change in estimate amount after reworking the estimate and no scope in getting a better response even on recall of tenders and that the completion of Jal Jeevan Mission works is urgent, then single bid by the contractor Sri. Sameer Ali CT Chakingaithodi House, Karathode Oorakam Melmuri P.O, 676519, Malappuram with a negotiated quoted amount of Rs 3,21,99,941/- at 18.73 % above Tendered PAC obtained during the 6th tender may be placed before Council of Ministers for getting approval, with full justification (however ONLY after making a sincere effort to reduce the rate within LMR)"

10. ബഹു. ജലവിഭവ വകുപ്പ മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"ഏകദേശം 13 പഞ്ചായത്തുകൾക്ക് കുടിവെള്ളം നൽകേണ്ട പദ്ധതിയാണിത്. അതിന്റെ ഭാഗമാണ് റെയിൽവേ പുഷ് ത്രൂ വർക്ക്. കൂടാതെ ആറു പ്രാവശ്യം ടെണ്ടർ കഴിഞ്ഞതുമാണ്. റെയിൽവേയുമായി ഇതിനകം തന്നെ എഗ്രിമെൻറ് ഒപ്പിട്ടുകഴിഞ്ഞു. ആയതിനാൽ സമയബന്ധിതമായി ഈ പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ്. കൂടാതെ റെയിൽവേയുടെ പെർമ്മിഷൻ സാധാരണഗതിയിൽ കാലതാമസം കൂടാതെ ലഭിക്കുന്നതല്ല. എൽ.എം.ആർ. ടോളറൻസ് റേറ്റിനേക്കാൾ താഴെ നിൽക്കുന്നതിൽ നിന്നും യഥാർത്ഥ മാർക്കറ്റ് റേറ്റ് കണക്കാക്കുന്നതിലെ പ്രൈസ് സംവിധാനത്തിലെ അപര്യാപ്തത മനസ്സിലാക്കാവുന്നതാണ്. മേൽ പ്രത്യേക സാഹചര്യത്തിൽ ധനവകുപ്പുകൂടി അഭിപ്രായപ്പെട്ട പ്രകാരം ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും"

11. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

"Jal Jeevan Mission (JJM)- Railway Push through works at Harippad and adjoining Panchayath- Pipeline Work" എന്ന പ്രവൃത്തിയ്ക്ക് "ശ്രീ. സമീർ അലി സി.ടി, ചക്കിങ്കൽതൊടി വീട്, കാരത്തോട് ഊരകം മേൽമുറി പി.ഒ, മലപ്പുറം-676519" എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ദർഘാസ്, Tendered PAC യേക്കാൾ 18.73% അധികരിച്ച തുകയായ Rs.3,21,99,941/- രൂപയ്ക്ക് (മൂന്ന് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റിയൊമ്പതിനായിരത്തി തൊള്ളായിരത്തി നാല്പത്തിയൊന്ന് രൂപ മാത്രം) അനുവദിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകാമോ;